ശ്രീ. പി. വിശ്വൻ : ഇന്ത്യയിലെ പ്രശസ്ത കായികതാരമായ പി.ടി. ഉഷയുടെ പേരിൽ അവർതന്നെ മുൻകൈ എടുത്തുകൊണ്ടാരംഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ അത്‌ലറ്റിക് സ്കൂളായ പി.ടി. ഉഷ അത്‌ലറ്റിക് സ്കൂളിന് സർക്കാർ ഏതെല്ലാം രൂപത്തിലാണ് സഹായം നൽകാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാം സഹായങ്ങളാണ് കൊടുത്തിട്ടുള്ളത്?

ശ്രീ. വി.സി. കബീർ : സർ, നമ്മുടെ അഭിമാനസ്തംഭമായ പി.ടി. ഉഷ ബഹു. മുഖ്യമന്ത്രിയേയും ഞങ്ങളെയുമെല്ലാം കാണുകയുണ്ടായി. ആദ്യമായി ഒരു പ്രൊപ്പോസലുമായി വന്നിട്ടുള്ളത് പി.ടി. ഉഷയാണ്. അവർ ആരംഭിക്കാൻ പോകുന്ന കോംപ്ലക്സിനാവശ്യമായ ഭൂമിയും, ബഹു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പണവും അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു എന്ന സന്തോഷവിവരം അറിയിക്കട്ടെ.

ശ്രീ. പി.ജെ. ജോയി : സർ, നമ്മുടെ സ്പോർട്ട്സ് രംഗത്തെ വിജയം, ആ വിദ്യാർത്ഥികളിൽക്കൂടി കൂടുതൽ സ്പോർട്ട്സ് പരിശീലിപ്പിക്കുക എന്നുള്ളതിലാണ് അടങ്ങിയിരിക്കുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സ്പോർട്ട്സ് വകുപ്പും വിദ്യാഭ്യാസ വകുപ്പും രണ്ട് മന്ത്രിമാർ കൈകാര്യം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ഈ രംഗത്ത് വളരെ വലുതാണെന്ന് ആരെക്കാളും കൂടുതൽ ബഹു. മന്ത്രിക്കറിയാം. അതുകൊണ്ട് ഈ സ്പോർട്ട്സ് വകുപ്പിനോടുകൂടി വിദ്യാഭ്യാസ വകുപ്പും കൂട്ടിച്ചേർത്ത് ഒരുമിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : സർ, വകുപ്പു വിഭജനം നടത്തേണ്ടത് മന്ത്രിമാരുടെ ചുമതലയല്ല. ബഹു. മുഖ്യമന്ത്രിയുടെ ചുമതലയാണ്. അദ്ദേഹമാണ് അതിനെക്കുറിച്ച് ആലോചിക്കേണ്ടത്. ഈ ബുദ്ധിമുട്ടുകൾ അദ്ദേഹത്തെ ബോധ്യപ്പെടുത്താം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിനോദസഞ്ചാര വികസനത്തിനായുള്ള കേന്ദ്രസഹായം

5 (*153) ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് എന്തുതുക അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ: ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കിയോ, എങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി; ഇനി ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനുണ്ട്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള കാലവിളംബത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) കാലവിളംബംമൂലം ഈ പദ്ധതികൾ നടപ്പാക്കാൻ അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വികസനത്തിനായി 23.24 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. 1999-2000 വർഷത്തിൽ അംഗീകരിച്ച 16.25 കോടി രൂപയുടെ (പദ്ധതികളിൽ ഇതുവരെ 10.80 കോടി രൂപയും) പദ്ധതിക ളാണ് അനുവദിച്ചുകിട്ടിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തി ട്ടുണ്ട്.†

(ബി) പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രധാന വ്യവസ്ഥകൾ താഴെ പ്പറയുന്നു.

1. പദ്ധതി നടപ്പിലാക്കുന്നതിലേക്കാവശ്യമായ ഭൂമി സംസ്ഥാന ഗവൺമെന്റ് സൗജന്യമായി നൽകണം. പദ്ധതിക്കാവശ്യമായ റോഡ്, പ്ലോട്ടിന്റെ വികസനം, ചുറ്റുമതിൽ, വാട്ടർ കണക്ഷൻ ഇലക്ട്രിസിറ്റി കണ ക്ഷൻ തുടങ്ങിയവയുടെ ചെലവുകൾ സംസ്ഥാന ഗവൺമെന്റ് വഹിക്കണം.

2. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. പദ്ധതി പൂർത്തീകരണത്തിന് താമസമുണ്ടായാൽ ആ കാലയളവിൽ ഉണ്ടാകുന്ന ചെലവ് വർദ്ധന കേന്ദ്ര സഹായമായി ലഭിക്കുന്നതല്ല.

3. അനുവദിച്ച തുക അനുവദിച്ച പദ്ധതിക്കായി മാത്രമേ ഉപയോ ഗിക്കാവൂ. കേന്ദ്ര സഹായത്തോടെ നിർമ്മിച്ച വസ്തുക്കൾ സംസ്ഥാന ഗവൺമെന്റ് മറ്റ് ഏജൻസികൾക്ക് അനുവാദമില്ലാതെ കൈമാറ്റം ചെയ്യുവാൻ പാടില്ല.

4. പൂർത്തീകരിച്ച പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന സർക്കാ രിന്റെ ചുമതലയാണ്. പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവാക്കിയ തുക, ഇപ്പോഴത്തെ സ്ഥിതി എന്നിവ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ചില പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിയ കാലവിളംബം വന്നിട്ടുള്ളത് പദ്ധതിക്ക് അനുയോജ്യമായ ഭൂമി ടൂറിസം വകുപ്പിന് കൈമാറി ക്കിട്ടുന്നതിലുള്ള താമസംമൂലമാണ്. ആലപ്പുഴയിൽ കായൽ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളെല്ലാം ലാന്റ് അക്വിസിഷൻ നടപടികൾ നേരിടുന്ന കാലതാമസത്താൽ മാത്രം നീണ്ടുപോകുകയാണ്. എന്നാൽ ഇപ്പോൾ ലാന്റ് അക്വിസിഷൻ അവസാനഘട്ടത്തിലാണ്. ഭൂമി കൈവശം ലഭിച്ചാലുടനെ ഈ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

---

† അനുബന്ധം I (1)

† അനുബന്ധം I (1)

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) പ്രസ്തുത കാലയളവിൽ തുടങ്ങിയ പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന പദ്ധതികളൊന്നും ഇല്ലാത്തതിനാൽ കാലവിളംബംമൂലമുള്ള അധിക ചെലവ് പ്രതീക്ഷിക്കുന്നില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനം

6 (*156)ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി നിർമ്മിക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുന്നതിനാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്താരാഷ്ട്ര വിമാനത്താവള വികസനം എത്ര ഘട്ടമായി പൂർത്തീകരിക്കാനാണ് തീരുമാനമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓരോ ഘട്ടത്തിലും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വിമാനത്താവള വികസനത്തിനായി മൊത്തം എന്തുചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഒന്നാംഘട്ട വികസന പദ്ധതി പൂർത്തിയാക്കുന്നതോടെ യാത്രക്കാർക്ക് എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഒന്നാംഘട്ട വികസനം എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ)

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 11.6.2000-ൽ ബഹു: കേന്ദ്ര വ്യോമയാന വകുപ്പു മന്ത്രി നിർവ്വഹിച്ചു.

(ബി)&(സി) രണ്ടു ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിൽ 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള എല്ലാ വിധ അത്യാധുനിക സൗകര്യങ്ങളുമുള്ള ഒരു പുതിയ രാജ്യാന്തര ടെർമിനലിന്റെ നിർമ്മാണമാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്. പുതിയ ടെർമിനലിൽ ഒരു വലിയ ബി-747-ഉം, ഒരു എ.ബി-300 വിമാനത്തേയും ഒരേ സമയം കൈകാര്യം ചെയ്യാനുള്ള ശേഷി ഉണ്ടായിരിക്കും. കൂടാതെ, അത്യാധുനിക

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയുവാനുള്ളത് മേശപ്പുറത്തുവയ്ക്കാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരളത്തിലെ ക്രമസമാധാന പാലനത്തെപ്പറ്റി പറയുവാനുള്ളത് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 27-ാം തീയതി രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.57-നു പിരിഞ്ഞു.)

അനുബന്ധം I (1)

(26.6.2000- ലെ ചോദ്യം 5 (*153) കാണുക)

LIST OF CENTRALLY SPONSORED SCHEMES SANCTIONED FOR THE YEAR 1999-2000

No.	Name of the Project	Amount sanctioned (in lakhs)
1.	Waterside Amenity Nedumudi	50.00
2.	Waterside Amenity Kotharathode	50.00
3.	Waterside Amenity Pallathuruthy	50.00
4.	Waterside Amenity Vettakkayal	50.00
5.	Tourist Reception centre at Thekkady, Munnar & Vythiri	75.00
6.	Sewerage and solid waste disposal system at Kovalam	71.19
7.	Integrated development of Vagamon Tourist Resort	25.00
8.	Construction of Yatri Niwas at Mannarkkad	75.00
9.	Integrated development of Napier Museum	34.00
10.	Integrated development of Hill Palace	70.00
11.	Integrated development of Fort Kochi, Mattancherry and Jew Town	75.00
12.	Yatri Niwas at Munnar	75.00
13.	Tourist Ayurvedic Health Centre at Kumarakom	7.50
14.	Tourist Ayurvedic Health Centre at Bolghatty	25.00
15.	Eco-friendly silent generator at Thekkady	38.09
16.	Integrated development of an eco-friendly floating resort at Pathiramanal	100.00

LIBRARY ARCHIVES Kerala Legislative Assembly

17.	Indira Gandhi Boat Race	1.00
18.	Nehru Trophy Boat Race Alappuzha	1.00
19.	Ashtamudi Art and Craft Kollam	1.00
20.	Aranmula Boat Race	5.00
21.	Malabar Mahotsav	1.00
22.	Integrated development of Thekkady-Munnar road	50.00
23.	Gulf and Singapore Marketing Compaign	150.00
	Total	1079.78

അനുബന്ധം I (2)

(26.6.2000- ലെ ചോദ്യം 5 (*153) കാണുക)

PHYSICAL AND FINANCIAL PROGRESS OF CENTRALLY SPONSORED PROJECTS FROM 1996-1997

Year	No	Name of the Project	Amount sanctioned by	Amount spent for the project	Physical Progress
1996-1997					
	1.	Flood lighting of Vadakkunnatha Temple	1720000.00	2450000.00	Completed
	2.	Rice Boats	1000000.00	1000000.00	Completed
	3.	Nehru Trophy Boat Race	500000.00	500000.00	Completed
	4.	Restoration of Bolghatty Palace	4960000.00	4960000.00	Nearing completion
	5.	Renovation and remodelling of Aluva Palace	4800000.00	5728000.00	Completed
	6.	Resort at Munnar under Equity Scheme	7000000.00	7000000.00	Completed
	7.	Waterside Amenity at Kayamkulam	3579000.00	4000000.00	Work nearing completion
1997-1998					
	1.	Nehru Centenary Pavilion at Punnamada lake in Alappuzha (Boat Terminal at Punnamada lake)	3500000.00	1050000.00	Under execution
	2.	Upgradation of Nafukettu Heritage building (under equity scheme)	3900000.00	3900000.00	Completed
	3.	Tourist Complex at Kumarakom	4000000.00	2000000.00	Under execution
	4.	Yatri Niwas at Nelliyampathy	4000000.00	1950000.00	Under execution
	5.	Waterside Amenity at Alumkadavu, Karunagappally	3000000.00	2900000.00	Work nearing completion
	6.	Waterside Amenity at Thannermukkam	3000000.00	1000000.00	Land acquistion nearing completion
	7.	Signages	1000000.00	5200000.00	Work nearing completion
	8.	Flood lighting of Secretariat building	500000.00	3500000.00	Work completed
	9.	Purchase of rice boats (6 nos)	4800000.00	4800000.00	Completed
Year	No	Name of the Project	Amount sanctioned by	Amount spent for the project	Physical Progress

LIBRARY ARCHIVES Kerala Legislative Assembly

1998-1999					
	1.	Tourist Compex at Thiruvananthapuram (Ponmudi)	11663000.00	3250000.00	Under execution
	2.	Pilgrim facilities at Sabarimala (Erumeli)	11537000.00	3145000.00	Procurement of land at final stage
	3.	Yatri Niwas, Thirunelly	5000000.00	5000000.00	Under Execution
	4.	Renovtion of Park View Heritage Building	4000000.00		U nder Execution
	5.	Sound & Light show Kanakakkunnu	6000000.00		Under Execution
	6.	Purchase of House boats for Malabar	5000000.00		Under Execution
	7.	Trekking & climbing equipment for Thenmala	715000.00	715000.00	Completed
	8.	Backwater Signages	2000000.00	1000000.00	Under Installation
	9.	Water Sports Complex at Ashtamudi	4000000.00	1200000.00	Under execution
	10.	Tourist Complex at Kalady	11308000.00	5000000.00	Under execution
	11.	Gramam Village Fair, Kovalam	500000.00	500000.00	Executed
	12.	Nehru Trophy Boat Race, Alappuzha	200000.00	200000.00	Conducted
	13.	Indira Gandhi Boat Race, Kochi	500000.00	500000.00	Conducted
	14.	Art and Craft Festival Ashtamudi	100000.00	100000.00	Conducted
	15.	Landscaping & refurbishment of Dutch	2000000.00		Under Execution
	16.	Floodlighting of Bolghatty Palace	2000000.00		Under Execution
	17.	Tourist Receiption Centres-Computerisation of Tourist reservation systems	4500000.00		Under Execution
	18.	Tourist Ayurvedic Centre at Palayam, Thiruvananthapuram	3500000.00		Under Execution
1999-2000					
	1.	Waterside Amenity Nedumudi	5000000.00		Land acquistion nearing completion
	2.	Waterside Amenity Kotharathode	5000000.00		Land acquistion nearing completion
	3.	Waterside Amenity Pallathuruthy	5000000.00		Land acquistion nearing completion
	4.	Waterside Amenity Vattakkayal	5000000.00		Land acquistion nearing completion
	5.	Tourist Reception Centres at Thekkady, Munnar & Vythiri	7500000.00		Land being transferred
	6.	Sewage and soildwaste disposal system at Kovalam	7119000.00		Under execution
	7.	Integrated development of Vagamon Tourist resort	2500000.00		Under Execution
Year	No	Name of the Project	Amount sanctioned by	Amount spent for the project	Physical Progress

1180/2010.

LIBRARY ARCHIVES Kerala Legislative Assembly

	8.	Construction of Yatri Niwas at Mannarkkad	7500000.00	2250000.00	Under Execution
	9.	Integrated development of Napier Museum	3400000.00		Under Execution
	10.	Integrated development of Hill Palace	7000000.00		Funds being transferred to Director, Archaeology
	11.	Integrated development of Fort Kochi, Mattancherry and Jew Town	7500000.00	2250000.00	Under Execution
	12.	Yatri Niwas Munnar	7500000.00		Land being transferred
	13.	Tourist Ayurvedic Centre at Kumarakom	750000.00		Under execution by KTDC
	14.	Tourist Ayurvedic Centre at Bolghatty Palace	2500000.00		Under execution by KTDC
	15.	Introduction of Eco-friendly silent generator at Thekkady	3809000.00		Under execution by KTDC
	16.	Integrated development of an eco-friendly floating resort at Pathiramanal	100,00,000.00		Modalities being finalised
	17.	Indira Gandhi Boat Race	100000.00		Executed
	18.	Nehru Trophy Boat race Alappuzha	100000.00		Executed
	19.	Ashtamudi Art and Craft, Kollam	1000,00.00		Executed
	20.	Aranmula Boat Race	500,000.00		Executed
	21.	Malabr Mahotsav	100000.00		Executed
	22.	Integrated development of Thekkady-Munnar road	50,00,000.00		Funds being transferred to PWD
	23.	Gulf and Singapore Marketing Compaign	150,00,000.00		Under implementation by govt of India. Tourist Offices

അനുബന്ധം II (1)

(26.6.2000- ത്തിലെ ചോദ്യം 21 (*171) കാണുക.)

പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി

വെസ്റ്റ് കോസ്റ്റ് കനാലിൽ, ദേശീയ ജലപാതയായി അംഗീകരിക്കപ്പെട്ടിട്ടുള്ള 168 കി.മീ. ഭാഗം കഴിച്ചുള്ള ഏകദേശം 420 കി.മീ. ദൂരം വരുന്ന ഭാഗവും ഏകദേശം 1000 കി.മീ. ദൂരം വരുന്ന ഉപകനാലുകളും നദികളിലെ സഞ്ചാരയോഗ്യവും സഞ്ചാരയോഗ്യമാക്കാവുന്ന ഭാഗങ്ങളും സംസ്ഥാന സർക്കാരിന്റെ അധീനതയിലാണ്. ഈ കനാലുകൾ മൊത്തമായി നവീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടെയും അംഗീകാരവും സഹായവും ലഭ്യമാക്കി വികസന പ്രവർത്തനങ്ങൾ/ഘട്ടംഘട്ടമായി നടത്താൻ ലക്ഷ്യമിട്ടിരിക്കുകയാണ്. ഇതിനായി താഴെപ്പറയുന്ന സ്കീമുകൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

1. ടി.എസ്. കനാലിന്റെ ഭാഗമായ കൊല്ലം മുതൽ കോവളം വരെയുള്ള കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ - 36 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly